പതിമൂന്നാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1231 8/02/2013 ൽ മറുപടിയ്ക്ക്

## പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നതി നുള്ള നടപടി

ചോദ്യം

**ശ്രീ. സി. കെ. സദാശിവൻ**

(എ) കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും നടക്കുന്നുണ്ടോ ;

(ബി) പുതുതായി താലൂക്ക് രൂപീകരിക്കുന്നതിന് വില്ലേജ്-താലൂക്ക് പുനഃസംഘടനാ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയ പ്രയോറിറ്റി ലിസ്റ്റ് അനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

ഉത്തരം

**ശ്രീ. അടൂർ പ്രകാശ്**
**(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി)**

(എ) യും (ബി) യും

റവന്യൂ വകുപ്പും ലാന്റ് റവന്യൂ കമ്മീഷണറേറ്റും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ടിൽ പ്രയോറിറ്റി നമ്പർ 24 ആയി നിലവിലുള്ള മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കായകുളം താലൂക്ക് രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട് . എന്നാൽ പ്രസ്തുത റിപ്പോർട്ടിൻ മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. നിലവിൽ സംസ്ഥാനത്ത് വില്ലേജ് ഓഫീസുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള നടപടിക്കാണ് മുൻഗണന നൽകിവരുന്നത്. ആകയാൽ കായകുളം താലൂക്ക് രൂപീകരണം ഉൾപ്പെടെയുള്ള മറ്റ് റവന്യൂ യൂണിറ്റുകളുടെ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല.

| | | | |
|---|---|---|---|
| (സി) | പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനായി നിലവിലുള്ള ഏതൊക്കെ താലൂക്കുകൾ വിഭജിക്കണമെന്ന ശുപാർശയാണ് ലഭിച്ചിട്ടുള്ളത് ? | (സി | സർക്കാർ റവന്യൂ വകുപ്പും റവന്യൂ ലാന്റ് കമ്മീഷണറേറ്റും സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന താലൂക്കുകളാണ് വിഭജിക്കാൻ നിർദ്ദേശിച്ചിട്ടുളളത്:<br><br>1) കോഴിക്കോട്, 2) തലശ്ശേരി, 3) തളിപ്പറമ്പ് 4)കാസറഗോഡ് 5) കണ്ണൂർ, 6) ഹോസ്ദുർഗ്ഗ് , 7) മണ്ണാർക്കാട് 8) ഒറ്റപ്പാലം 9) ദേവികുളം 10) ഉടുമ്പഞ്ചോല 11) കൊയിലാണ്ടി 12)വടകര 13) മുകുന്ദപുരം 14) തൊടുപുഴ 15)തലപ്പള്ളി 16)നെയ്യാറ്റിൻകര 17) നെടുമങ്ങാട് 18) കൊട്ടാരക്കര 19) പത്തനാപുരം 20) മീനച്ചിൽ. 21) സുൽത്താൻ ബത്തേരി 22)വൈത്തിരി 23) മാനന്തവാടി 24) കോട്ടയം മീനച്ചൽ 25)കൊല്ലം 26)ചിറയിൻകീഴ് 27)കോഴഞ്ചേരി 28) അടൂർ 29) ചേർത്തല 30) മൂവാറ്റുപുഴ 31) കണയന്നൂർ 32) ആലുവ 33) മാവേലിക്കര 34) കാർത്തികപ്പളളി. |

Thulip

**സെക്ഷൻ ഓഫീസർ**